41820/Ad A IV (A/2024/UOK

05.12.2024

**ദർഘാസ് /ലേല പരസ്യം**

കേരള സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാഹനം നിലവിലുള്ള സ്ഥിതിയിലും അവസ്ഥയിലും എന്ന വ്യവസ്ഥയിൽ ദർഘാസ് സഹിത ലേലത്തിലൂടെ പരസ്യവിൽപന നടത്തുന്നതിന് മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ കേരള സർവ്വകലാശാല രജിസ്ട്രാർക്കു വേണ്ടി ക്ഷണിക്കുന്നു.

| ക്രമ നമ്പർ | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | വാഹനം രജിസ്റ്റർ ചെയ്ത വർഷം | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1 | KL 01 AX 4237 | 10 ഫെബ്രുവരി 2010 | ഷെവർലെ ടവേര LSB4 AC | Rs. 10,000/- |

വാഹനം ദർഘാസ് വഴി വാങ്ങാൻ ആഗ്രഹിക്കുന്നവർ ദർഘാസ് ഉൾകൊള്ളുന്ന മുദ്രവച്ച കവറിന് പുറത്തു **"KL01AX4237 വാഹനത്തിനുള്ള ദർഘാസ്"** എന്ന് രേഖപ്പെടുത്തണം. ദർഘാസ് സമർപ്പിക്കേണ്ട വിലാസം : രജിസ്ട്രാർ, കേരള സർവ്വകലാശാല, പാളയം തിരുവനന്തപുരം - 695034. വാഹനത്തിന് കല്പിക്കുന്ന വില രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. **മുൻകൂട്ടി മുദ്രവച്ച ദർഘാസ് ലഭിക്കേണ്ട അവസാന തീയതിയും സമയവും 16.12.2024, പകൽ 04.00 മണി.**

**17.12.2024 പകൽ 11.30 മണിക്ക് സർവ്വകലാശാലയുടെ പാളയം ക്യാമ്പസ്സിൽ വച്ച് പൊതുലേലവും ഉണ്ടായിരിക്കും.** ലേലത്തിന് ശേഷം ദർഘാസ്സുകൾ തുറക്കുന്നതും പരിശോധിക്കുന്നതുമായിരിക്കും. വാഹനത്തിനു ലഭിച്ച കൂടിയ വില (ദർഘാസ് വിലയോ / ലേല വിലയോ) ഏതാണ് കൂടുതൽ, ആയതിനു സർവ്വകലാശാല രജിസ്ട്രാറുടെ അനുമതിക്ക് വിധേയമായി സ്ഥിരപ്പെടുത്തുന്നതുമാണ്.

ദർഘാസ് സമർപ്പിക്കുന്നവർ നിരതദ്രവ്യമായി നിശ്ചിത തുകയ്ക്കുള്ള SBI KUOC ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് **"ഫിനാൻസ് ഓഫീസർ, കേരള സർവ്വകലാശാല, തിരുവനന്തപുരം"** എന്ന പേരിൽ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസ് വ്യവസ്ഥകൾ അംഗീകരിക്കുന്നു എന്ന് ഒപ്പിട്ടു വേണം ദർഘാസ് സമർപ്പിക്കുവാൻ, തിരിച്ചറിയൽ രേഖയുടെ പകർപ്പും (ആധാർ കാർഡ്/വോട്ടേഴ്സ് ഐഡി കാർഡ്/പാസ്സ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്) ദർഘാസിനൊപ്പം സമർപ്പിക്കണം. ദർഘാസ് ഉൾകൊള്ളുന്ന മുദ്രവച്ച കവറിന് പുറത്തു "KL01AX4237 **വാഹനത്തിനുള്ള ദർഘാസ്**" എന്ന് രേഖപ്പെടുത്തണം.

ലേലത്തിൽ പങ്കെടുക്കുന്നതിനായി നിശ്ചിത തുകയുടെ DDയോടൊപ്പം തിരിച്ചറിയൽ രേഖയുടെ (ആധാർ കാർഡ്/വോട്ടേഴ്സ് ഐഡി കാർഡ്/പാസ്സ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ് മുതലായവ) ഒറിജിനലും ഒരു ഫോട്ടോ കോപ്പിയും ഹാജരാക്കേണ്ടതാണ് .

Draft #12 of File 41820/Ad A IV (A/2024/UOK Approved by Registrar on 05-Dec-2024 03:34 PM - Page 1

Draft #12 of File 41820/Ad A IV (A/2024/UOK Approved by Registrar on 05-Dec-2024 03:34 PM - Page 2

| ക്രമ നമ്പർ | ഐറ്റം | തീയതി |
|---|---|---|
| 1 | ദർഘാസ്/ലേല പരസ്യം | **06.12.2024** |
| 2 | **ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും** | **16.12.2024 പകൽ 04.00 മണി.** |
| 3 | **പൊതു ലേലം** | **17.12.2024 പകൽ 11.30 മണിക്ക്** |

**<u>ഉപാധികളും നിബന്ധനകളും</u>**

1. ലേലത്തിൽ പങ്കെടുക്കുന്നവർ വാഹനം സൂക്ഷിച്ചിരിക്കുന്ന കേരള സർവകലാശാലയുടെ പാളയം ക്യാമ്പസ്സിൽ എത്തി ടി വാഹനത്തിന്റെ നിലവിലെ സ്ഥിതിയും അവസ്ഥയും പരിശോധിച്ചു ബോദ്ധ്യപെട്ടു കൊള്ളേണ്ടതുമാണ്. ലേലത്തിനുശേഷം അവ സംബന്ധിച്ച ഉള്ള പരാതികൾ പരിഗണിക്കാത്തതുമാകുന്നു .

2. ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ സെക്യൂരിറ്റി ഡിപ്പോസിറ്റായി Rs.10,000/-(പതിനായിരം രൂപയുടെ) തുകയുള്ള DD കെട്ടിവയ്ക്കേണ്ടതാണ്.

3. വ്യക്തതയില്ലാത്തതും നിരതദ്രവ്യമായി D D വെയ്ക്കാത്തതും അപൂർണ്ണവുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ തീർപ്പ് ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

4. ലേലത്തിൽ പങ്കെടുക്കുന്നതിന് നിശ്ചിതസ്ഥലത്തും സമയത്തും ഹാജരുള്ളവരെ മാത്രം ഉൾപ്പെടുത്തി ലേലം നടത്തുന്നതും ലേല തുക തൃപ്തികരമെങ്കിൽ ഏറ്റവും കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന/ദർഘാസ് സമർപ്പിച്ച വ്യക്തിയുടെ പേരിൽ ലേലം താൽകാലികമായി ഉറപ്പിച്ചു നൽകുന്നതുമാകുന്നു. **ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ ലേലതുക പൂർണമായും സർവ്വകലാശാല ഫണ്ടിൽ അടച്ച് രസീത് ഹാജരാക്കണം.** മറ്റു നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായതിനു ശേഷം മാത്രമേ വാഹനം നീക്കം ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അല്ലാത്തപക്ഷം സ്ഥിരപ്പെടുത്തിയ ദർഘാസ്/ലേലം അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം സർവ്വകലാശാല ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതുമാണ്. നിശ്ചിത സമയത്തിന് ശേഷം ലേലത്തിൽ പങ്കെടുക്കാൻ വരുന്നവരെ പരിഗണിക്കുന്നതല്ല.

5. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ വില്പന നികുതിയും ബാധകമായ മറ്റേതെങ്കിലും നികുതിയോ ചാർജുകളോ ഉണ്ടെങ്കിൽ അവയും സർക്കാർ ട്രഷറിയിൽ അടച്ചു ചെല്ലാൻ ഹാജരാക്കേണ്ടതാണ്.

6. ലേലം വിജയിക്കുന്നവർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനം ഏറ്റുവാങ്ങേണ്ടതും, സർവ്വകലാശാല പരിസരത്തു നിന്നും മാറ്റേണ്ടതുമാണ്, ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം ലേലം

അസ്ഥിരപ്പെടുത്തുന്നതും നിരതദ്രവ്യം ഉൾപ്പെടെ അടച്ചിട്ടുള്ള തുക സർവ്വകലാശാല ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതുമാണ്. വാഹനം പുനർ ലേലം ചെയ്യുന്നതും തന്മൂലം സർവ്വകലാശാലക്കുണ്ടാവുന്ന നഷ്ടം വീഴ്ചവരുത്തിയ ലേലക്കാരന്റെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നിയമനടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലലത്തിൽ ലാഭമുണ്ടായാൽ ആയതിനു മുൻ ലേലകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല .

7. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിക്കിട്ടുന്നവർ പേരും വിലാസവും തെളിയിക്കുന്ന അസ്സൽ രേഖയോടൊപ്പം ടി രേഖയുടെ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പും കൂടാതെ വില്പന കരാർ തയ്യാറാക്കുന്നതിലേയ്ക്കു സ്വന്തം പേരിൽ വാങ്ങിയ **<u>ഇരുന്നൂറു രൂപയുടെ മുദ്രപത്രവും</u>** രണ്ടു പാസ്സ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കേണ്ടതാണ്.

8. ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് ഓഫീസിൽ നിന്നും അനുമതിയോടെ പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വാഹനം പരിശോധിക്കാവുന്നതാണ്.

9. അവിചാരിതമായ കാരണങ്ങളാൽ ദർഘാസ് സമർപ്പിക്കുവാൻ/തുറക്കുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസം (17/12/2024) അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടി കാര്യങ്ങൾ നടത്തുന്നതായിരിക്കും.

10. യാതൊരു കാരണവും ബോധിപ്പിക്കാതെ ദർഘാസ് വില്പന മാറ്റിവയ്ക്കുന്നതിനും റദ്ദുചെയ്യുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ദർഘാസ് സംബന്ധിച്ച് എല്ലാ കാര്യത്തിലും രജിസ്ട്രാറുടെ തീരുമാനം അന്തിമമായിരിക്കും.

11. മോട്ടോർ വാഹന വകുപ്പിന്റെ നിലവിലുള്ള പൊതുനിയമങ്ങളും വാഹനലേലം സംബന്ധിച്ചുള്ള മറ്റു നിബന്ധനകളും ഈ ലേലത്തിനു ബാധകമാണ്.

12. വാഹനത്തിന്റെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിന് വേണ്ടിവരുന്ന ചെലവ് പ്രസ്തുത വാഹനം ലേലം കൈക്കൊള്ളുന്ന വ്യക്തി സ്വമേധയാ വഹിക്കേണ്ടതാണ്.

Prof. (Dr.) K S Anil Kumar
Registrar

Draft #12 of File 41820/Ad A IV (A/2024/UOK Approved by Registrar on 05-Dec-2024 03:34 PM - Page 3

The document is digitally approved. Hence signature is not needed.

വെള്ളപേപ്പറിൽ എഴുതിയ ദർഘാസ്, ദർഘാസ് പ്രഖ്യാപനവും, തിരിച്ചറിയൽ രേഖയുടെ പകർപ്പും(ആധാർ കാർഡ്/വോട്ടേഴ്സ് ഐഡി കാർഡ്/പാസ്സ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്) , നിശ്ചിത തുകയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റ്

## KL01AX4237 ഷെവർലെ ടവേര LSB4 AC വാഹനത്തിനുള്ള ദർഘാസ്

| | |
|---|---|
| പേര് | |
| മേൽവിലാസം | |
| നിരതദ്രവ്യം അടച്ചതിൻ്റെ വിശദ വിവരങ്ങൾ | ഡി.ഡി.നം ................................................................<br>തീയതി ................................................................<br>തുക................................................................<br>ബാങ്ക്................................................................ |
| ദർഘാസ് തുക<br>രൂപ................................................./-<br>(സംഖ്യയിൽ) | രൂപ................................................................<br>................................................................<br>(അക്ഷരത്തിൽ) |

**പ്രഖ്യാപനം**

ലേല വ്യവസ്ഥകൾ അംഗീകരിക്കുന്നു.

സ്ഥലം :

**ഒപ്പ്**

തീയതി:

**പേര്**

Draft #10 of File 41820/Ad A IV (A/2024/UOK Approved by Registrar on 05-Dec-2024 01:04 PM - Page 1

Draft #10 of File 41820/Ad A IV (A/2024/UOK Approved by Registrar on 05-Dec-2024 01:04 PM - Page 2

UNIVERSITY OF KERALA

The document is digitally approved. Hence signature is not needed.